# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025 - 2026



## ഗവ.യു.പി.സ്കൂൾ
## കക്കാട്ടിരി

# ഉള്ളടക്കം


- ആമുഖം
- ലക്ഷ്യങ്ങൾ
- ദൗത്യം
- സ്കൂൾ വിശദാംശങ്ങൾ
- വിദ്യാലയത്തിന്റെ ലഘുചരിത്രം
- നിലവിലെ അവസ്ഥ വിശകലനം
- മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ
- പദ്ധതി വിശദാംശങ്ങൾ

  [മേഖല , ഉപ മേഖല , ലക്ഷ്യം, പ്രവർത്തനങ്ങൾ , കാലം, ചുമതല , സാമ്പത്തിക വിശകലനം]

- പ്രതീക്ഷിത നേട്ടങ്ങൾ
- മോണിറ്ററിംഗ്
- ഉപസംഹാരം

# ആമുഖം

സ്വാതന്ത്ര്യ ലബ്ധിക്കു മുമ്പേ പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്കിലെ പട്ടിത്തറ ഗ്രാമ പഞ്ചായത്തിലെ കക്കാട്ടിരി എന്ന പ്രദേശത്ത് ശ്രീമാൻ മേലൂട്ട് വേലപ്പ 1936 ൽ ഏകാധ്യാപക വിദ്യാലമായായി തുടങ്ങിയതാണ് ഇന്നത്തെ ജി.യു.പി.എസ്. കക്കാട്ടിരി.പിന്നീട് ശ്രീ. കളത്തിൽ ഗോവിന്ദമനോൻ സ്വന്തം സ്ഥലത്ത് സ്കൂൾ കെട്ടിടം പണി കഴിച്ച് സർക്കാരിന് വിട്ടുനൽകുകയായിരുന്നു. 1956 വരെ ബോർഡ് എലിമെൻററി സ്കൂൾ ആയിരുന്നു. 1956 ൽ ആണ് ഗവ.യു.പി. സ്കൂൾ ആയി ഉയർത്തിയത്. 2011 ലാണ് വിദ്യാലയത്തിൽ പ്രീ പ്രൈമറി ക്ലാസുകൾ ആരംഭിച്ചത്..നാടിൻറെ സാംസ്കാരിക പുരോഗതിയിൽ ഏറെ സ്വാധീനം ചെലുത്തുന്നതിൽ വലിയ പങ്കുവഹിച്ചു കൊണ്ട് ഈ വിദ്യാലയം തലയുയർത്തി നിൽക്കുന്നു.

## ലക്ഷ്യങ്ങൾ

- വിദ്യാർത്ഥികളുടെ ബൗദ്ധികവും മാനസികവുമായ സമഗ്രവികസനം ലക്ഷ്യമാക്കി സർഗാത്മകവും രസകരവുമായ അധ്യയന അവതരണത്തിലൂടെ അവരെ ശക്തിപ്പെടുത്തുക
- ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായി വിദ്യാഭ്യാസം എല്ലാ ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക
- മികവിന് ഉതകുന്ന വിധത്തിൽ വിദ്യാലയത്തിന്റെ പശ്ചാത്തല സൗകര്യം.വർദ്ധിപ്പിക്കുക
- പ്രൈമറി മുതൽ ഏഴാം ക്ലാസ് വരെയുള്ള ഓരോ ക്ലാസുകളിലും വിഷയങ്ങളിലും കുട്ടികൾ നേടേണ്ട ശേഷികൾ ഉറപ്പുവരുത്തുന്ന വിധത്തിൽ പ്രവർത്തനങ്ങളും പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ

## ദൗത്യം:

ഗുണനിലവാരമുള്ള വിദ്യാഭ്യാസം, നവീന അധ്യാപനരീതികൾ ഉൾക്കൊള്ളുന്ന പരിശീലനം, സാമൂഹിക പങ്കാളിത്തം എന്നിവയിലൂടെ ഓരോ വിദ്യാർത്ഥിയുടെയും ശേഷികളെ പരിപോഷിപ്പിക്കുക.

## സ്കൂൾ വിശദാംശങ്ങൾ

| | |
|---|---|
| സ്ഥാപിതമായ വർഷം | : 1936 |
| നടത്തിപ്പ് | : കേരള സർക്കാരിന്റെ പൊതുവിദ്യാഭ്യാസ വകുപ്പ് |
| പാഠഭാഗങ്ങൾ | :പ്രീ പ്രൈമറി മുതൽ 7-ആം ക്ലാസ് വരെ |
| അധ്യാപന ഭാഷ | : മലയാളം |
| സ്ഥലം | : പട്ടിത്തറ ഗ്രാമപ്രദേശം, തൃത്താല ബ്ലോക്ക്, പാലക്കാട് ജില്ല |
| ആകെ വിദ്യാർത്ഥികൾ | : 184 |
| ആകെ അധ്യാപകർ | : 13 |
| ക്ലസ്റ്റർ | : ജി.എൽ.പി.എസ് ആലൂർ |
| സൗകര്യങ്ങൾ | : ലൈബ്രറി, കമ്പ്യൂട്ടർ ലാബ് (10 ലാപ്ടോപ്പുകൾ), മിഡ്-ഡേ മീൽ, ഭിന്നശേഷിയുള്ള കുട്ടികൾക്കായി റാംപുകൾ |

### പാഠ്യപദ്ധതിയും പഠനരീതികളും

### പാഠ്യക്രമം

**പാഠ്യപദ്ധതി**: കേരള സംസ്ഥാന പാഠ്യപദ്ധതി

**പാഠങ്ങൾ**: മലയാളം, ഇംഗ്ലീഷ്, ഗണിതം, വിജ്ഞാനം, സാമൂഹ്യശാസ്ത്രം, കലാ വിദ്യാഭ്യാസം

**പഠനരീതി:** വിദ്യാർത്ഥികേന്ദ്രിതവും പ്രവർത്തനപരവുമായ പഠനരീതികൾ
**മൂല്യനിർണ്ണയം:** ശാസ്ത്രീയമായ ഫോർമേറ്റീവ്, സമ്മേറ്റീവ് മൂല്യനിർണ്ണയ രീതി

**ഭാഷാശേഷി**

പ്രധാന ഭാഷ: മലയാളം
**രണ്ടാമത്തെ ഭാഷ:** ഇംഗ്ലീഷ് (1-ആം ക്ലാസ് മുതൽ)
**അധികഭാഷകൾ:** ഹിന്ദി, അറബിക് (പാഠ്യപദ്ധതിയനുസരിച്ച്)

# വിദ്യാലയം ഒറ്റനോട്ടത്തിൽ

| | | |
|---|---|---|
| **വിദ്യാലയത്തിന്റെ പേര്** | : | **ജി യു പി സ്കൂൾ കക്കാട്ടിരി** |
| **വിദ്യാലയത്തിന്റെ കോഡ്** | : | **20544** |
| **UDISE CODE** | : | **32061300507** |
| **പഞ്ചായത്ത്'** | : | **പട്ടിത്തറ** |
| **വിദ്യാഭ്യാസ ജില്ല** | : | **പാലക്കാട്** |
| **ഉപജില്ല** | : | **തൃത്താല** |
| **ബി. ആർ. സി** | : | **തൃത്താല** |
| **ജില്ല** | : | **പാലക്കാട്** |
| **സംസ്ഥാനം** | : | **കേരളം** |
| **ഫോൺ നമ്പർ** | : | **9995123705** |
| **ഇ-മെയിൽ** | : | **gupskakkattiri@gmail.com** |

## വിദ്യാലയ ചരിത്രം

സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് 1936 ലാണ് ഏകാധ്യാപക വിദ്യാലയമായി ഈ വിദ്യാലയം സ്ഥാപിതമായത്. മേലൂട്ട് വേലപ്പ എന്ന കർഷക പ്രമുഖൻ തൻ്റെ സ്ഥലത്ത് ഒരു ഓലഷെഡിലാണ് ആദ്യം ആരംഭിച്ചത്. 1939 വരെ അവിടെ തുടർന്നു. കുറുപ്പത്ത് കളത്തിൽ ഗോവിന്ദൻ മേനോൻ്റെ വാടകക്കെട്ടിടത്തിലേക്ക് പിന്നീട് സ്കൂൾ മാറ്റി. തുടർന്ന് ശ്രീ കളത്തിൽ ഗോവിന്ദമേനോൻ കെട്ടിടം പണി കഴിപ്പിച്ച് അതിനോടു ചേർന്ന 2 ഏക്കറോളം സ്ഥലവും സർക്കാറിന് വിട്ടുനൽകുകയായിരുന്നു. 1956 വരെ ബോർഡ് എലിമെൻ്ററി സ്കൂളായി പ്രവർത്തിച്ച വിദ്യാലയം.1956 ൽ ആണ് ഗവ. യു.പി. സ്കൂൾ ആയി ഉയർത്തപ്പെട്ടത്. ഇന്ന്പ്രിപ്രൈമറി മുതൽ ഏഴാം ക്ലാസ് കുട്ടികൾ ഇവിടെ പഠിച്ചു വരുന്നു. 2011 ലാണ് പ്രിപ്രൈമറി ആരംഭിച്ചത്. 2023 ൽ MLA , KIFBI ഫണ്ടിൽ നിന്ന് 2 കോടി അനുവദിച്ച് പുതിയ കെട്ടിടം പണി കഴിച്ചിട്ടുണ്ട്. . മികച്ച ലാബ്, ലൈബ്രറി, കമ്പ്യൂട്ടർ ലാബ്, ക്രിയേറ്റീവ് കോർണർ, സ്മാർട്ട് റൂം എന്നിവയല്ലാം സ്കൂളിലുണ്ട്. സാധാരണക്കാരുടെ മക്കളാണ് ഇവിടുത്തെ ഭൂരിഭാഗം വിദ്യാർത്ഥികളും. സ്കൂളിൻ്റെ പുരോഗതിക്കായി അധ്യാപകരും, രക്ഷിതാക്കളും, പി.ടി.എ , എസ്.എം.സി, എസ്. എസ് ജി. പഞ്ചായത്ത്, ബി.ആർ.സി. എന്നിവരെല്ലാം ഒത്തു ചേർന്ന് പ്രവർത്തിച്ചു വരുന്നു.

## <u>നിലവിലെ സൗകര്യങ്ങൾ</u>

ക്ലാസുകൾ : 17 (ശരിയായ നിലയിൽ)

കമ്പ്യൂട്ടർ ലാബ് : 10 കമ്പ്യൂട്ടറുകൾ

ലൈബ്രറി : 1000 ൽ പരം പുസ്തകങ്ങൾ

കുട്ടികൾക്കുള്ള ശൗചാലയങ്ങൾ: പെൺകുട്ടികൾക്കും , ആൺകുട്ടികൾക്കും പ്രത്യേകം

കുടിവെള്ളം :കിണർ വഴി ലഭ്യമാണ്

റാംപ് സൗകര്യം : ഭിന്നശേഷിയുള്ള കുട്ടികൾക്ക് ലഭ്യമാണ്

## <u>നിലവിലെ അവസ്ഥ</u>

### <u>ഭൗതികം</u>

എംഎൽഎ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച 8 ക്ലാസ് മുറികളും മൂന്ന് ഹാളുകളും സൗകര്യമുള്ള ഒരു അടുക്കളയും ഡൈനിങ് ഹാളും ഉള്ള എല്ലാ സൗകര്യങ്ങളോടും കൂടിയ രണ്ടു നില കെട്ടിടം പ്രവർത്തിക്കുന്നു. എല്ലാ ക്ലാസ് മുറികളിലും ഫാനുകളും വെളിച്ചവും ഉണ്ട് .ഏറെ പുസ്തകങ്ങൾ അടങ്ങിയ ലൈബ്രറിയും നല്ലൊരു ശാസ്ത്ര ലാബും കമ്പ്യൂട്ടർ ലാബും നമുക്ക് ഉണ്ട്.

### <u>അക്കാദമികം</u>

വളരെയേറെ പിന്നാക്കം നിൽക്കുന്ന സാഹചര്യങ്ങളിൽ നിന്നും വരുന്ന കുട്ടികളാണെങ്കിൽ പോലും മുൻവർഷങ്ങളിൽ എല്ലാം എൽ എസ് എസ് യു എസ് എസ് തുടങ്ങിയ പൊതുപരീക്ഷകളിൽ മികച്ച വിജയം കൈവരിക്കാൻ ആയിട്ടുണ്ട്. വിവിധ മേളകളിൽ, ശാസ്ത്ര, ഗണിതശാസ്ത്ര സാമൂഹ്യശാസ്ത്ര പ്രവർത്തിപരിചയ മേളകളിലും കലാമേളകളിലും കായിക മേളകളിലും ഭൂരിഭാഗം കുട്ടികളെയും സജീവമായി

പങ്കെടുപ്പിക്കാനും മികച്ച പ്രകടനം കാഴ്ചവയ്ക്കാനും വിജയം കൈവരിക്കാനും എല്ലാ വർഷങ്ങളിലും സാധിക്കുന്നു .

**<u>പരിമിതികൾ</u>**

**<u>ഭൗതികം</u>**

റോഡിൻറെ ഇരുവശത്തുമുള്ള കെട്ടിടങ്ങൾ ആയതിനാൽ ലൈബ്രറി ,ലാബ് പ്രവർത്തനങ്ങൾക്കായി കുട്ടികൾക്ക് റോഡ് മുറിച്ചു കടക്കേണ്ടത് വളരെയേറെ പ്രയാസം സൃഷ്ടിക്കുന്നുണ്ട്. നമ്മുടെ സ്കൂളിന് നല്ലൊരു ചുറ്റുമതിൽ ഇല്ലാത്തത് വളരെ വിഷമകരമാണ്. കൂടാതെ കുട്ടികൾക്ക് വേണ്ട പോലെ കായിക മത്സരങ്ങൾ പരിശീലിക്കാൻ മതിയായ ഒരു ഗ്രൗണ്ട് നമുക്കില്ല. മാലിന്യ സംസ്കരണത്തിനായി മതിയായ സൗകര്യമില്ല.

**<u>അക്കാദമികം</u>**

നമ്മുടെ ക്ലാസ് റൂമുകളിൽ വൈറ്റ് ബോർഡുകളും വേണ്ടത്ര ഇലക്ട്രിഫിക്കേഷനും ഉണ്ടെങ്കിലും ക്ലാസ് റൂമുകൾ ഡിജിറ്റലൈസ്ഡ് അല്ല. ഡിജിറ്റലൈസ്ഡ് ആയാൽ കുട്ടികൾക്ക് ആധുനിക രീതിയിലുള്ള പഠനം സാധ്യമാകും .കൂടാതെ നിലവിലുള്ള 10 ലാപ്ടോപ്പുകളോടൊപ്പം 15 ലാപ്ടോപ്പുകളും കൂടി കിട ലഭിക്കുകയാണെങ്കിൽ നമ്മുടെ കമ്പ്യൂട്ടർലാബ് വിപുലീകരിച്ച് കൂടുതൽ കുട്ടികൾക്ക് പ്രവർത്തനങ്ങളിൽ ഒരേസമയം ഏർപ്പെടാനുള്ള സൗകര്യം ഉണ്ടാവും. ഒരു ക്ലാസ് റൂമെങ്കിലും ഡിജിറ്റൽ തിയേറ്റർ ആയി സെറ്റ് ചെയ്യേണ്ടതുണ്ട്.എല്ലാ ക്ലാസ് മുറികളിലും സ്പീക്കർ സൗകര്യം വേണ്ടതാണ്.

<u>മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ</u>

| **അക്കാദമികം** | <u>**ഭൗതികം**</u> | **സാമൂഹികം** |
|---|---|---|
| വർണ്ണ കൂടാരം<br>വർണോത്സവം<br>ഇംഗ്ലീഷ് അസംബ്ലി<br>ഇംഗ്ലീഷ് ഡയറി<br>ഇംഗ്ലീഷ് തീയേറ്റർ<br>ഇംഗ്ലീഷ് ഫെസ്റ്റ്<br>let's read English LP<br>വായിച്ചു വളരാം ഭാഷ LP<br>രചന ശില്പശാല<br>സർഗ്ഗസല്ലാപം<br>കുട്ടീസ് റേഡിയോ<br>50 കവികൾ 50 കവിതകൾ<br>വായിക്കാം വളരാം class 1<br>Read&play std 1<br>പറയാം എഴുതാം അറബിക്<br>ചിറകുകൾ അറബിക്<br>അറബിക് ഫെസ്റ്റ്<br>അഹലൻ അറബിക്<br>നിരാലി ഹിന്ദി<br>രംഗീൻ ഹിന്ദി<br>രാഷ്ട്രഭാഷാ സുന്ദരഭാഷ<br>ഒറിഗാമി ശില്പശാല<br>ഗണിത മേള<br>ഗണിതലാബ് സജ്ജീകരണം<br>ഗണിത ചുമർ<br>കളിക്കണക്ക്<br>പത്രവാർത്ത ക്വിസ്<br>മോക്ക് പാർലമെൻറ്<br>കാണാം ചെയ്യാം അറിയാം<br>പരിസര പഠനം എൽ പി<br>പ്രകൃതി പാഠം പരിസര പഠനം എൽ പി<br>പരീക്ഷണവേള<br>ശാസ്ത്ര ലാബ് നവീകരണം<br>ശാസ്ത്ര വാർത്ത പ്രദർശനം<br>പഠനോപകരണ ശില്പശാല<br>IT world Creative corner<br>ഒപ്പം നടക്കാം<br>ഒരുക്കം<br>ക്ലാസ് പിടിഎ സജീവമാക്കൽ<br>പച്ചക്കറി തോട്ടം<br>ക്ലാസ് റൂം ഡിജിറ്റലൈസേഷൻ<br>കമ്പ്യൂട്ടർ ലാബ് സജ്ജീകരണം<br>ദിനാചരണങ്ങൾ<br>പഠന പുരോഗതി രേഖ | ചുറ്റുമതിൽ<br><br>മൈതാന നിർമ്മാണം<br><br>മാലിന്യ സംസ്കരണം<br><br>സൗരോർജ്ജ പാനൽ<br><br>ശുദ്ധജലവിതരണം<br><br>ഇലക്ട്രിക് ബെൽ<br><br>പ്ലാന്റേഷൻപ്രോഗ്രാം<br><br>ബയോഗ്യാസ് പ്ലാന്റ് | -അംഗനവാടി കലോത്സവം<br><br>-കുട്ടിയെ അറിയൽ<br><br>-പുകയില<br><br>വിരുദ്ധക്യാമ്പയിൻ<br><br>-ലഹരിവിരുദ്ധ<br><br>സൈക്കിൾറാലി<br><br>-മക്കളോടൊപ്പം |

# പദ്ധതി വിശദാംശങ്ങൾ

**പ്രവർത്തനം 1**

**പ്രവർത്തനത്തിന്റെ പേര് : വർണ്ണക്കൂടാരം**

**മേഖല: അക്കാദമികം**

**ഉപമേഖല : പ്രീപ്രൈമറി സമഗ്ര വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളിപ്പാട്ടം കൈപ്പുസ്തകം വിഭാവനം ചെയ്യുന്ന പ്രീ സ്കൂൾ സങ്കല്പം സാക്ഷാത്കരിക്കാൻ കുട്ടികളുടെ വികാസ മേഖലകൾക്കും ബഹുമുഖ ബുദ്ധിക്കും അനുഗുണമായ രീതിയിൽ വിദ്യാലയത്തെ അനുരൂപീകരിക്കൽ | 13 ഇടങ്ങൾ ക്രമീകരിക്കൽ<br>1 e ഇടം<br>2 ആട്ടവും പാട്ടും ഇടം<br>3 ഭാഷാവികാസയിടം<br>4 ഗണിത ഇടം<br>5 വരയിടം<br>6 ശാസ്ത്രയിടം<br>7 നിർമ്മാണ ഇടം<br>8 അകം കളിയിടം<br>9 പുറം വാതിൽ കളിയിടം<br>10 പഞ്ചേന്ദ്രിയ ഇടം<br>11 കുഞ്ഞരങ്ങ്<br>12 കരകൗശല ഇടം<br>13 ഹരിതയിടം | ആറുമാസം | വർണ്ണ കൂടാരം ഗുണഭോക്തൃ സമിതി | എസ് എസ് കെ [STARS PROJECT]<br><br>പത്തുലക്ഷം |

**പ്രവർത്തനം 2**

**പ്രവർത്തനത്തിന്റെ പേര് : വർണ്ണോത്സവം**

**മേഖല: അക്കാദമികം**

**ഉപമേഖല : പ്രീപ്രൈമറി സമഗ്ര വികസനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ഭാഷാ വികാസം സർഗാത്മക സൗന്ദര്യാത്മക വികാസം<br><br>ശാരീരിക ചാലക വികാസം ശാരീരിക ചലനപരമായ ബുദ്ധി<br><br>സ്വതന്ത്രമായ ചിത്രങ്ങൾ വരച്ച് കഥ മെനഞ്ഞു പറയാൻ കഴിയുന്നു<br><br>സൂക്ഷ്മ സ്ഥൂല പേശികളെ ഏകോപിപ്പിച്ച് ദൈനംദിന ജീവിതത്തിലെ പ്രവർത്തനങ്ങൾ ചെയ്യുക | ക്ലാസ് പിടിഎ<br>പാട്ടുപാടൽ<br>താളത്മകമായി പാട്ടുപാടൽ<br>ആംഗ്യപ്പാട്ട് പാടൽ<br>ചിത്രങ്ങൾ വരച്ചുകൊടുത്തു നിറം കൊടുക്കാൻ<br>വരയുത്സവം ചിത്ര വായന ചിത്രം നോക്കി എണ്ണം പറയുന്നു കൂട്ടങ്ങൾ ആക്കുന്നു<br>ശാസ്ത്രയിടത്തിൽ നിന്നും വസ്തുക്കൾ എടുത്ത് രുചിച്ചു നോക്കി അനുഭവങ്ങൾ പങ്കുവെക്കുന്നു<br>ഭാഷാ വികാസ ഇടത്തിൽ നിന്നും ചിത്ര കാർഡുകൾ എടുത്ത് കഥ പറയുന്നു<br>ഐസിടിയുടെ സഹായത്തോടുകൂടി കഥകൾ കാണുന്നു<br>വോയിസ് റെക്കോർഡ് ഉപയോഗിച്ച് കഥ പറയിക്കുന്നു<br>പ്രകൃതി നടത്തം<br>ചിത്രങ്ങൾ ശേഖരിക്കൽ<br>പരീക്ഷണങ്ങൾ<br><br>ഗണിത ഇടത്തിൽ നിന്ന് വലുതിൽ നിന്ന് ചെറുതിലേക്ക് ക്രമീകരിക്കൽ<br>- നിരീക്ഷിച്ചു പറയൽ<br>തുണി ഉണക്കൽ അകത്ത് പുറത്ത് നിരീക്ഷിച്ചു പറയൽ<br>മുങ്ങുമോ പൊങ്ങുമോ<br><br>നിർമ്മാണ ഇടത്തിൽ നിന്ന് തീപ്പെട്ടി കൂട് | ജൂൺ<br><br>ജൂലൈ<br>ആഗസ്റ്റ്<br><br>സെപ്തംബർ<br>ഒക്ടോബർ<br>നവംബർ | അധ്യാപിക<br><br>അധ്യാപിക<br>രക്ഷിതാക്കൾ<br><br>അധ്യാപിക | |

| | | | | |
|---|---|---|---|---|
| ചുറ്റുപാടുമുള്ള പലതരം വസ്തുക്കൾ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ | എടുത്ത് തീപ്പെട്ടി തീവണ്ടി ഉണ്ടാക്കൽ<br>അടുത്തുള്ള പൊതു സ്ഥാപനങ്ങൾ സന്ദർശിക്കൽ<br>നിർമ്മാണ ഇടത്തിൽ നിന്നും മരക്കട്ടകൾ ബിൽഡിംഗ് ബ്ലോക്ക് തീപ്പെട്ടി കൂട് കാർബോർഡ് പെട്ടി തുടങ്ങിയ ഉപയോഗിച്ചുകൊണ്ട് നിർമ്മാണം<br>ജലവുമായി ബന്ധപ്പെട്ട ലഘു പരീക്ഷണങ്ങൾ<br>ചുറ്റുമുള്ള വസ്തുക്കളെ കുറിച്ചുള്ള ചോദ്യോത്തര പാട്ടുകൾ<br>കഥോത്സവം | ഡിസംബർ ജനുവരി<br><br>ഫെബ്രുവരി -മാർച്ച് | അധ്യാപിക<br><br>അധ്യാപിക | |

<u>പ്രവർത്തനം 3</u>

**പ്രവർത്തനത്തിന്റെ പേര് :ഇംഗ്ലീഷ് അസംബ്ലി**

**മേഖല: അക്കാദമികം**

**ഉപമേഖല :ഇംഗ്ലീഷ് ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ .ഓരോ ക്ലാസുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ ഒരു ദിവസം<br><br>ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

**<u>പ്രവർത്തനം 4</u>**

**പ്രവർത്തനത്തിന്റെ പേര് :ഇംഗ്ലീഷ് ഡയറി**

**മേഖല: അക്കാദമികം**

**ഉപമേഖല :ഇംഗ്ലീഷ് ഭാഷ പഠനം U P**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക. | ആഴ്ചയിൽ അഞ്ചുദിവസം ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് അധ്യാപിക | |

**<u>പ്രവർത്തനം 5</u>**

**പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് തീയേറ്റർ**

**മേഖല: അക്കാദമികം**

**ഉപമേഖല :ഇംഗ്ലീഷ് ഭാഷ പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ. | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനെ മുമ്പാകെ അവതരിപ്പിക്കൽ. ഉദാ: Skit , conversation, drama etc | പ്രതിമാസ പരിപാടി | എച്ച് എം, ഇംഗ്ലീഷ് അധ്യാപകൻ ENGLISH CLUB | 2000 പി ടി എ |

**<u>പ്രവർത്തനം 6</u>**

**പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഫെസ്റ്റ്**

**മേഖല: അക്കാദമികം**

**ഉപമേഖല :ഇംഗ്ലീഷ് ഭാഷ പഠനം LP, UP**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തി ലേക്ക് എത്തിക്കൽ | മൂന്നാം ടേമിൽ ഒരു ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് . മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ . | ഒരു ദിവസം | എച്ച് എം, ENGLISH CLUB പിടിഎ , | 3000/- |

## പ്രവർത്തനം 7

**പ്രവർത്തനത്തിന്റെ പേര് : LET'S READ**

**മേഖല: അക്കാദമികം**

**ഉപമേഖല: English LP**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന ഒഴുക്കോടെ | ക്ലാസ്സ് ലൈബ്രറി ഒരുക്കൽ, ശേഖരണം, വിപുലീകരണം. ഇംഗ്ലീഷ് അസംബ്ലികൾ വായനമത്സരങ്ങൾ, ഇംഗ്ലീഷ് പതിപ്പ് നിർമ്മാണം | ജൂൺ മുതൽ മാർച്ച് വരെ രണ്ടു മാസത്തിൽ ഒന്നു വീതം ദിനാചരണ ങ്ങളോടൊപ്പം | ക്ലാസ്സ് ടീച്ചർ ഇംഗ്ലീഷ് ക്ലബ് കൺവീനർ CPTA | |

## പ്രവർത്തനം 8

**പ്രവർത്തനത്തിന്റെ പേര് : വായിച്ചു വളരാം**

**മേഖല: അക്കാദമികം**

**ഉപമേഖല: ഭാഷ LP**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാവരെയും ഭാഷ അനായാസം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | വായനക്കളരി, നാട്ടു വായന, പ്രാദേശിക എഴുത്തുകാരുടെ പുസ്തകങ്ങൾ ശേഖരിക്കൽ, ക്ലാസ്സ് ലൈബ്രറി, വീട്ടു ലൈബ്രറി രൂപീകരണം, അസംബ്ലിയിൽ പത്രവായന, മികച്ച വായനക്കാരെ കണ്ടെത്തൽ, സമ്മാനം നല്കി പ്രോത്സാഹിപ്പിക്കൽ,പത്രവാർത്ത വായനയും വാർത്ത എഴുതലും | ജൂൺ - ജനുവരി | CLASS TEACHER, SRG, CPTA, Staff, ഭാഷാ ക്ലബ് | 500 |

## പ്രവർത്തനം 9

**പ്രവർത്തനത്തിന്റെ പേര് : രചന ശില്പശാല**

**മേഖല: അക്കാദമികം**

**ഉപമേഖല : മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരം ഒരുക്കൽ. | വായന സാമഗ്രികളുടെ നിർമ്മാണം പ്രവർത്തനങ്ങൾ കഥയരങ്ങ് /കവിയരങ്ങ് / രചനാശിൽപശാല എന്നിവ സംഘടിപ്പിക്കൽ. രൂപപ്പെടുന്ന ഉത്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ. ക്ലാസ് മുറിയിലെ പഠന സഹായത്തിനായി മേൽപ്പറഞ്ഞ ഉൽപ്പന്നങ്ങളെ ഉപയോഗിക്കൽ. | രണ്ടു മാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി | 5000, സ്പോൺസർ ഷിപ്പ് |

## പ്രവർത്തനം 10

**പ്രവർത്തനത്തിന്റെ പേര് : സർഗ്ഗസല്ലാപം**

**മേഖല: അക്കാദമികം**

**ഉപമേഖല : ഭാഷാ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക. | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിൽ എത്തിക്കൽ, അവരുടെ വായന/ എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവെക്കൽ. പ്രസിദ്ധീകരിക്കൽ. | വർഷത്തിൽ രണ്ട് പ്രാവശ്യം | എച്ച് .എം , പി ടി എ വിദ്യാരംഗം കലാസാഹിത്യ വേദി | 1000 |

**<u>പ്രവർത്തനം 11</u>**

**പേര് :കുട്ടിസ് റേഡിയോ**

**മേഖല: അക്കാദമികം**

**ഉപമേഖല :ഭാഷയുടെ പ്രകടനപരത**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അവതരണ മികവ് കൈവരിക്കൽ | വിദ്യാലയത്തിൽ ക്രമീകരിച്ചിരിക്കുന്ന റേഡിയോ സ്റ്റുഡിയോയിൽ നിന്നും എല്ലാ ക്ലാസിലും ക്രമീകരിച്ചിരിക്കുന്ന സ്പീക്കറുകളിലേക്ക് ഒഴിവുസമയത്ത് റേഡിയോ പ്രക്ഷേപണം. കുട്ടികളുടെ വിവിധ പരിപാടികളുടെ അവതരണം, ഔദ്യോഗിക അറിയിപ്പ് നൽകൽ. | ആഴ്ചയിലൊരിക്കൽ ഒഴിവു സമയങ്ങളിൽ | വിദ്യാരംഗം കലാസാഹിത്യ വേദി SRG | 5000 |

**<u>പ്രവർത്തനം 12</u>**

**പേര് :50 കവികൾ, 50 കവിതകൾ**

**മേഖല :അക്കാദമികം**

**ഉപമേഖല : ഭാഷാ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കവികളെയും കൃതികളെയും പരിചയപ്പെടാൻ അവസരം ഒരുക്കൽ. | 50 കുട്ടികൾക്ക് 50 കവികളുടെ പേരുകൾ നൽകുന്നു .ഓരോ കുട്ടിയും അവർക്ക് ലഭിച്ചിരിക്കുന്ന കവിയുടെ ഒരു കവിതയും കവിയുടെ ലഘു ജീവചരിത്രവും തയ്യാറാക്കണം. പുസ്തകരൂപത്തിൽ ഇത് പ്രസിദ്ധീകരിക്കാം | വർഷത്തിൽ ഒരു പ്രാവശ്യം . | വിദ്യാരംഗം, പി ടി എ | 5000 |

**പ്രവർത്തനം 13 [ STD 1]**

**പ്രവർത്തനത്തിന്റെ പേര് : വായിക്കാം വളരാം**
**മേഖല :അക്കാദമികം**
**ഉപമേഖല : ഭാഷാ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാശേഷി വികസനം | സിപിടി എ<br>വായനോത്സവം<br>വിദ്യാ പ്രവേശ്.<br>രചനോത്സവം.<br>ക്ലാസ് തല ലൈബ്രറി.<br>വീട്ടിൽ ഒരു ലൈബ്രറി.<br>സംയുക്ത ഡയറി. | ജൂൺ മുതൽ മാർച്ച് വരെ | രക്ഷിതാക്കൾ ക്ലാസ് ടീച്ചർ | 5000 |

**പ്രവർത്തനം 14 [ STD 1]**
**പ്രവർത്തനത്തിന്റെ പേര് : READ&PLAY**
**മേഖല :അക്കാദമികം**
**ഉപമേഖല : ഇംഗ്ലീഷ് ഭാഷ പഠനം, ഭാഷാ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| Engage games<br><br>To develop reading skills | Games, vidyapravesh<br><br>Picture reading ,rhyming words, readind card | June<br><br>June - March | Class teacher<br><br>Class teacher , Parents | 5000 |

**പ്രവർത്തനം 15**
**പ്രവർത്തനത്തിന്റെ പേര് : പറയാം എഴുതാം**
**മേഖല : അക്കാദമികം**
**ഉപമേഖല: അറബി ഭാഷ പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷികളുടെ വികാസം | ക്ലാസ് റൂം നിർദ്ദേശങ്ങൾ അറബിയിൽ<br>ഹർഫീ വകലിമത്തീ വജുംലത്തീ<br>അക്ഷരങ്ങളും പദങ്ങളും വാചകങ്ങളും പരിചയപ്പെടുത്തൽ<br>ചോദ്യങ്ങൾ തയ്യാറാക്കൽ<br>പരസ്പരം ചോദിക്കൽ<br>റീഡിങ് കാർഡ്,<br>വിവരണങ്ങൾ തയ്യാറാക്കൽ | June - March | അറബി അധ്യാപിക | 1000 |

**<u>പ്രവർത്തനം 16</u>**

**പ്രവർത്തനത്തിന്റെ പേര് ചിറകുകൾ**

**മേഖല : അക്കാദമികം**

**ഉപമേഖല: അറബി ഭാഷ പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ വ്യവഹാര രൂപങ്ങൾ തയ്യാറാക്കുമ്പോൾ ഉണ്ടാകുന്ന പ്രയാസങ്ങൾ ലഘൂകരിക്കൽ | വിവിധ വ്യവഹാര രൂപങ്ങളെ ചിത്രത്തിൻറെ സഹായത്തോടെ പരിചയപ്പെടാൻ വാക്കുകൾ കണ്ടെത്തൽ സമാനുതമായി വികസിപ്പിച്ച വ്യവഹാര രൂപം തയ്യാറാക്കൽ രചനകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാഗസിൻ പ്രകാശനം | June - March | അറബി അധ്യാപിക | 1000 |

**<u>പ്രവർത്തനം 17</u>**

**പ്രവർത്തനത്തിന്റെ പേര് അറബിക് ഫെസ്റ്റ്**

**മേഖല : അക്കാദമികം**

**ഉപമേഖല: അറബി ഭാഷ പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബി ഭാഷയിൽ അവതരണശേഷി വളർത്തൽ | അറബിക് എക്സ്പോ, കഥ കവിത ചിത്രീകരണം മുതലായവയുടെ അവതരണം | വർഷത്തിൽ ഒരു പ്രാവശ്യം | അറബിക് ക്ലബ് | 1000 |

**<u>പ്രവർത്തനം 18</u>**

**പ്രവർത്തനത്തിന്റെ പേര് : അഹ്ലൻ അറബിക്**

**മേഖല : അക്കാദമികം**

**ഉപമേഖല:_അറബി ഭാഷാ വികാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബി ഭാഷയിലുള്ള വിവിധശേഷികളെ വളർത്തിയെടുക്കൽ | അറബിക് അസംബ്ലി e മാഗസിൻ അറബിക് ലൈബ്രറി നിഘണ്ടു നിർമ്മാണം | ജൂൺ മുതൽ മാർച്ച് വരെ | അറബി അധ്യാപിക അറബിക് ക്ലബ് | 5000 |

**പ്രവർത്തനം 19**

**പ്രവർത്തനത്തിന്റെ പേര് : निराली हिंदी**

**മേഖല : അക്കാദമികം**

**ഉപമേഖല: ഹിന്ദി ഭാഷാ പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| യുപി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും വായനയും ഉറപ്പിക്കൽ | അക്ഷരം എഴുത്ത് ചിഹ്നം ഉറപ്പിക്കൽ വാക്കു നിർമ്മാണം | ജൂൺ- ഓഗസ്റ്റ്. | ഹിന്ദി അധ്യാപിക. | 5000 |

**പ്രവർത്തനം 20**

**പ്രവർത്തനത്തിന്റെ പേര് रंगीन हिंदी**

**മേഖല : അക്കാദമികം**

**ഉപമേഖല: ഹിന്ദി ഭാഷാ പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജൂൺ 26 ലഹരി വിരുദ്ധ ദിന അവബോധം സൃഷ്ടിക്കൽ ജൂലൈ 31-പ്രേംചന്ദ് ജയന്തി ദിനാചരണം നിത്യ ഉപയോഗ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക | പോസ്റ്റർ നിർമ്മാണം<br><br>ക്വിസ്, പോസ്റ്റർ നിർമ്മാണം. ഇത്തരത്തിലുള്ള വസ്തുക്കളുടെ പട്ടിക തയ്യാറാക്കുക | JUNE<br><br>JULY<br><br>സെപ്റ്റംബർ -ഒക്ടോബർ | ഹിന്ദി അധ്യാപിക. | 5000 |

**പ്രവർത്തനം 21**

**പ്രവർത്തനത്തിന്റെ പേര് : രാഷ്ട്രഭാഷ സുന്ദര ഭാഷ**

**മേഖല : അക്കാദമികം**

**ഉപമേഖല: ഹിന്ദി ഭാഷാ പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ തെറ്റ് കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം. | ഹിന്ദി അസംബ്ലി, ദിനാചരണങ്ങൾ (സെപ് തംബർ- 14, ജനുവരി 10) ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ | സെപ് തംബർ<br><br>ഫെബ്രുവരി. | ഹിന്ദി അധ്യാപിക. | 5000 |

**<u>പ്രവർത്തനം 22</u>**

**പ്രവർത്തനത്തിന്റെ പേര് : ഒറിഗാമി ശില്പശാല,**

**മേഖല : അക്കാദമികം**

**ഉപമേഖല: ഗണിതം LP**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം. | ഗണിതം മധുരം - നിർമ്മാണ പ്രവർത്തനങ്ങളുടെ ആസൂത്രണം. ഒറിഗാമി / ടാൻഗ്രാം രൂപങ്ങൾ നിർമ്മാണം, പ്രദർശനം | ഒക്ടോബർ | SRG, ഗണിത ക്ലബ്, PTA | SSK 5000 |

**<u>പ്രവർത്തനം 23</u>**

**പ്രവർത്തനത്തിന്റെ പേര് : ഗണിത മേള**

**മേഖല : അക്കാദമികം**

**ഉപമേഖല: ഗണിതം LP**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുഷ്ക്രിയകൾ ലളിതമാക്കാം. | വിവിധ തരത്തിലുള്ള ഗണിത സാമഗ്രികൾ അടങ്ങിയ ഗണിത കിറ്റ് നിർമ്മാണ ശില്പശാല, ഗണിത മേള | ഓഗസ്റ്റ് - ഡിസംബർ. | ക്ലാസ് ടീച്ചർ, SRG, PTA, MPTA, ഗണിത ക്ലബ്, CPTA | staff, SMC, SSG 5000 |

**<u>പ്രവർത്തനം 24</u>**

**പ്രവർത്തനത്തിന്റെ പേര് : ഗണിത ലാബ് സജ്ജീകരിക്കൽ**

**മേഖല : അക്കാദമികം**

**ഉപമേഖല: ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | :വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ, ലാബിൽ വച്ച് ഗണിത ക്ലാസ്സ് നടത്തൽ. | ആവശ്യാനുസരണം | SRG, ഗണിത ക്ലബ് | 5000 |

## പ്രവർത്തനം 25

**പ്രവർത്തനത്തിന്റെ പേര് : ഗണിതച്ചുമർ**
**മേഖല : അക്കാദമികം**
**ഉപമേഖല: ഗണിതം LP**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുഷ്ക്രിയകൾ ലളിതമാക്കൽ, ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | സങ്കലനം, വ്യവകലനം ഗണിതച്ചുമർ ഒരുക്കൽ ഗണിതപഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | SRG, ക്ലാസ്സ് ടീച്ചർ | 5000 |

## പ്രവർത്തനം 26

**പ്രവർത്തനത്തിന്റെ പേര് : കളിക്കണക്ക്**
**മേഖല : അക്കാദമികം**
**ഉപമേഖല: ഗണിതം LP**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ, കര ചലനശേഷി വികാസം | വിവിധ കളികൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ ഏണിയും പാമ്പും, ഡയസ് കളി സങ്കലനം, വ്യവകലനം - കച്ചവടക്കളി | വർഷം മുഴുവൻ | SRG, ക്ലാസ്സ് ടീച്ചർ | 10000 |

## പ്രവർത്തനം 27

**പ്രവർത്തനത്തിന്റെ പേര് : പത്രവാർത്താ ക്വിസ്**
**മേഖല : അക്കാദമികം**
**ഉപമേഖല: സാമൂഹ്യ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പൊതു വിജ്ഞാനം വളർത്തൽ | :ഓരോ ദിവസത്തെയും വർത്തമാനപത്രങ്ങൾ വായിച്ച് ആനുകാലിക സംഭവങ്ങൾ വിലയിരുത്തൽ. | 10 എണ്ണം മാസത്തിൽ ഒന്നു വീതം. | സാമൂഹ്യ ശാസ്ത്രാ ധ്യാപിക | 5000 |

**<u>പ്രവർത്തനം 28</u>**

**പ്രവർത്തനത്തിന്റെ പേര് : മോക്ക് പാർലമെന്റ്**
**മേഖല : അക്കാദമികം**
**ഉപമേഖല: സാമൂഹ്യ ശാസ്ത്രം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണം, മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ. | വർഷത്തിൽ 1 തവണ. | സാമൂഹ്യ ശാസ്ത്ര അധ്യാപിക | 5000 |

**<u>പ്രവർത്തനം 29</u>**

**പ്രവർത്തനത്തിന്റെ പേര് : കാണാം ചെയ്യാം അറിയാം**
**മേഖല : അക്കാദമികം**
**ഉപമേഖല: പരിസര പഠനം LP**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | ചുറ്റുപാടുകളുടെ നിരീക്ഷണം, ശാസ്ത്ര സത്യങ്ങൾ - ചർച്ച, സത്യം കണ്ടെത്തൽ പരീക്ഷണങ്ങളിൽ ഏർപ്പെടുക | ജൂൺ - ഫെബുവരി | ക്ലാസ്സ് അധ്യാപിക | 10000 |

**<u>പ്രവർത്തനം 30</u>**

**പ്രവർത്തനത്തിന്റെ പേര് : പ്രകൃതി പാഠം**
**മേഖല : അക്കാദമികം**
**ഉപമേഖല: പരിസര പഠനം LP**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയൽ - സംരക്ഷണം | ജൈവ പാർക്ക്, മഴക്കുഴി നിർമ്മാണം, പരിസ്ഥിതി സംക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ | ജൂലൈ - ഡിസംബർ | പരിസ്ഥിതി -ശുചിത്വ ക്ലബ് - സംയുക്തം | 20000 |

**<u>പ്രവർത്തനം 31</u>**

**പ്രവർത്തനത്തിന്റെ പേര് : പരീക്ഷണ വേള**

**മേഖല : അക്കാദമികം**

**ഉപമേഖല: അടിസ്ഥാനശാസ്ത്രം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപ്പര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം, പരീക്ഷണം - വീടിനകത്തും. ശാസ്ത്രമാസികകൾ | ജനുവരി - മാർച്ച് | ശാസ്ത്രാ ധ്യാപകർ | 10000 |

**<u>പ്രവർത്തനം 32</u>**

**പ്രവർത്തനത്തിന്റെ പേര് : ശാസ്ത്ര ലാബ് നവീകരിക്കൽ**

**മേഖല : അക്കാദമികം**

**ഉപമേഖല: അടിസ്ഥാനശാസ്ത്രം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ശാസ്ത്ര ലാബിനെ സജ്ജീ കരിക്കൽ. | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ് ,കെമിസ്ട്രി, ബയോളജി എന്നിങ്ങനെ ഇനം തിരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ് തയ്യാറാക്കൽ, ഇരിപ്പിടങ്ങൾ സജ്ജമാക്കൽ. | :വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | 10000 |

**<u>പ്രവർത്തനം 33</u>**

**പ്രവർത്തനത്തിന്റെ പേര് : ഫീൽഡ് ട്രിപ്പ്**

**മേഖല : അക്കാദമികം**

**ഉപമേഖല: അടിസ്ഥാനശാസ്ത്രം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ശാസ്ത്ര തത്വങ്ങളെ പറ്റി അവബോധം സൃഷ്ടിക്കൽ അന്വേഷണാത്മക പഠനത്തിനും നിരീക്ഷണ പഠനത്തിനുമുള്ള അവസരമൊരുക്കൽ | ശാസ്ത്രക്ലബ് അംഗങ്ങൾ ശാസ്ത്ര പഠനവുമായി തെരെഞ്ഞെടുത്ത പ്രദേശങ്ങളിൽ സന്ദർശനം നടത്തുകയും ശാസ്ത്രപഠനങ്ങളിൽ ഉപയോഗപ്പെടുത്തു കയും ചെയ്യുന്നു | രണ്ടു മാസത്തി ലൊരിക്കൽ | ശാസ്ത്ര ക്ലബ്, SRG | 50000 |

**പ്രവർത്തനം 34**

**പ്രവർത്തനത്തിന്റെ പേര് : ശാസ്ത്ര വാർത്ത പ്രദർശനം**

**മേഖല : അക്കാദമികം**

**ഉപമേഖല: ശാസ്ത്ര പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ പ്രശ്നത്തെയും ശാസ്ത്രാവബോധത്തോടെ വിലയിരുത്താനും ശാസ്ത്രീയമായിവിവരങ്ങളെ വിശകലനം ചെയ്യാനും ശാസ്ത്ര വാർത്തകളെ പറ്റിയുള്ള അവബോധം സൃഷ്ടിക്കാനും | ശാസ്ത്രവാർത്തകൾ ശാസ്ത്രബോർഡിൽ / പ്രദർശന രൂപേണ അവതരിപ്പിക്കൽ. | മാസത്തിലൊരിക്കൽ | ശാസ്ത്ര ക്ലബ്, ശാസ്ത്ര അധ്യാപിക | 5000 |

**പ്രവർത്തനം 35**

**പ്രവർത്തനത്തിന്റെ പേര് : പഠനോപകരണ ശില്പശാല**

**മേഖല : അക്കാദമികം**

**ഉപമേഖല: ശാസ്ത്ര പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠനത്തോടുള്ള താല്പര്യം വർധിപ്പിക്കാനും ശാസ്ത്ര പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും ശാസ്ത്ര പഠനം പ്രവർത്തനാധിഷ്ഠിതമാക്കുന്നതിനും | പഠനോപകരണങ്ങളുടെ നിർമാണത്തിൽ വൈദഗ്ധ്യമുള്ള പ്രാദേശികമായി ലഭ്യമാവുന്ന വ്യക്തികളെ സ്കൂളിൽ എത്തിക്കൽ. അവരുടെ പിന്തുണയോടുകൂടി കുട്ടികളുടെ പാഠനോപകരണ നിർമാണം | ആറുമാസത്തിലൊരിക്കൽ | ശാസ്ത്ര ക്ലബ്,. ശാസ്ത്ര അധ്യാപിക, HM | 100000 |

**പ്രവർത്തനം 36**

**പ്രവർത്തനത്തിന്റെ പേര് : I T WORLD**

**മേഖല : അക്കാദമികം**

**ഉപമേഖല: I T**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടർ പരിജ്ഞാനം ഉറപ്പു വരുത്തൽ | :കമ്പ്യൂട്ടർ ഗെയിമുകൾ ഡിജിറ്റൽ പെയിൻറിംഗ് ഡ്രോയിങ് ടൈപ്പിംഗ് തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ കുട്ടികൾക്ക് അനായാസമായി കമ്പ്യൂട്ടർ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക . | ഒരു വർഷം | ക്ലാസ് ടീച്ചർ | 500000 |

**പ്രവർത്തനം 37**

**പ്രവർത്തനത്തിന്റെ പേര് : ക്രിയേറ്റീവ് കോർണർ**

**മേഖല : അക്കാദമികം**

**ഉപമേഖല: തൊഴിലധിഷ്ഠിത വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടികളുടെയും അഭിരുചികൾ കണ്ടെത്തിക്കൊണ്ട് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം സാധ്യമാക്കൽ. | വ്യത്യസ്ത അഭിരുചികൾ ഉള്ള കുട്ടികളെ അവരുടെ അഭിരുചികൾക്കിണങ്ങുന്ന തൊഴിലുകൾക്കുള്ള പരിശീലനം നൽകൽ. ഫാഷൻ ഡിസൈനിങ്, ടൈലറിംഗ്, പെയിൻറിംഗ്, ഇലക്ട്രിക്കേഷൻ, തുടങ്ങിയ വ്യത്യസ്ത മേഖലകളിൽ പരിശീലനം . | 1 വർഷം | അധ്യാപിക | SSK 50000 |

**പ്രവർത്തനം 38**

**പ്രവർത്തനത്തിന്റെ പേര് : ഒപ്പം നടക്കാം**

**മേഖല : അക്കാദമികം**

**ഉപമേഖല:_മാതൃഭാഷ പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളും വായിക്കാനു എഴുതാനും ഉള്ള ശേഷി കൈവരിക്കൽ | വായനാ കാർഡുകൾ , ചെറിയ കഥാപുസ്തകങ്ങളും വായിക്കുന്നതിലൂടെ അനായാസമായി വായിക്കാനും എഴുതാനും അവസരമൊരുക്കൽ | ജൂൺ - ആഗസ്റ്റ് | ക്ലാസ് അധ്യാപകർ | 5000 |

**പ്രവർത്തനം 39**

**പ്രവർത്തനത്തിന്റെ പേര് : ഒരുക്കം**

**മേഖല : അക്കാദമികം**

**ഉപമേഖല:LSS USS**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുന്നാക്കം നിൽക്കുന്ന കുട്ടികൾക്ക്എൽഎസ്എസ്,യുഎസ് എസ്,എൻ എം എം എസ് തുടങ്ങിയ മത്സരപരീക്ഷകളിൽപങ്കെടുക്കാനും മികച്ച വിജയം കൈവരിക്കാനും ഉള്ള അവസരം ഒരുക്കൽ. | പഠനപ്രവർത്തനത്തോടൊപ്പം തന്നെ കൂടുതൽവിഭവങ്ങൾ നൽകിക്കൊണ്ട് കുട്ടികൾക്ക് മത്സര പരീക്ഷകളിൽ വിജയം നേടാനുള്ള പരിശീലനം നൽകൽ. അധിക സമയം എടുത്തുകൊണ്ട് ചെയ്യുന്നു | JULY - FEBRUARY | SRG | 5000 |

## പ്രവർത്തനം 40

**പ്രവർത്തനത്തിന്റെ പേര് :ക്ലാസ് പിടിഎ സജീവമാക്കൽ**
**മേഖല :അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ് പിടിഎ കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ, പഠന പുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം പൊതു ചർച്ച എന്നിവ . | പ്രതിമാസ പരിപാടി | ക്ലാസ് ടീച്ചർ | 5000 |

## പ്രവർത്തനം 41

**പ്രവർത്തനത്തിന്റെ പേര് : പച്ചക്കറി തോട്ടം**
**മേഖല :അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ ' | ർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ. ജി ,എസ് എസ് ജി | 20,000 (കൃഷിവകുപ്പ് ) |

## പ്രവർത്തനം 42

**പ്രവർത്തനത്തിന്റെ പേര് : ക്ലാസ് റൂം ഡിജിറ്റലൈസേഷൻ**
**മേഖല :അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഡിജിറ്റൽ പഠനം കൂടുതൽ കാര്യക്ഷമമാക്കൽ | എല്ലാ ക്ലാസ് റൂമുകളിലും പ്രൊജക്റ്ററുകളും ലാപ്ടോപ്പുകളും ലഭ്യമാക്കി കുട്ടികൾക്ക് ഡിജിറ്റൽ പഠനം സാധ്യമാക്കൽ. | ഒരു വർഷം മുഴുവൻ. | SRG,PTA | 5 ലക്ഷം |

## പ്രവർത്തനം 43

**പ്രവർത്തനത്തിന്റെ പേര് : കമ്പ്യൂട്ടർ ലാബ് സജ്ജീകരണം**

**മേഖല :അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒരു ക്ലാസിലെ എല്ലാ കുട്ടികൾക്കും ഒരേസമയം കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള അവസരം ഒരുക്കൽ | നിലവിലുള്ള 10 കമ്പ്യൂട്ടറുകൾക്ക് പുറമേ 15 കമ്പ്യൂട്ടറുകൾ ചേർത്ത് ലാബ് വിപുലീകരിക്കുന്നു | ഒരു വർഷം . | സ്റ്റാഫ് | 300000 ഗവൺമെൻറ് സ്പോൺസറിംഗ് |

## പ്രവർത്തനം 44

**പ്രവർത്തനത്തിന്റെ പേര് : ദിനാചരണങ്ങൾ**

**മേഖല :അക്കാദമികം**

**ഉപമേഖല :സമഗ്ര വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികാസം. | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ടു നടത്തേണ്ട പ്രവർത്തനങ്ങൾ എസ്. ആർ .ജി .യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ഒരു വർഷം മുഴുവൻ. ആവശ്യാനുസരണം | SRG,PTA | 10000 |

## പ്രവർത്തനം 45

**പ്രവർത്തനത്തിന്റെ പേര് : പഠന പുരോഗതി രേഖ**

**മേഖല :അക്കാദമികം**

**ഉപമേഖല :മൂല്യനിർണ്ണയം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ വിദ്യാർത്ഥിക്കും വ്യക്തിഗതമായി പഠന പുരോഗതി വിലയിരുത്താനുള്ള അവസരം ഒരുക്കൽ | കുട്ടിയുടെ അക്കാദമിക വൈകാരിക സാമൂഹിക തലങ്ങളെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പഠന പുരോഗതി രേഖ തയ്യാറാക്കൽ, വ്യത്യസ്ത പ്രവർത്തനങ്ങളിലെ കുട്ടിയുടെ പ്രകടനത്തിനനുസരിച്ച് സ്കോറുകൾ നൽകൽ,പിടിഎ മീറ്റിങ്ങുകളിൽ രക്ഷിതാക്കൾക്ക് രേഖ വിലയിരുത്താനുള്ള അവസരം ഒരുക്കുന്നു. | ഓരോ ടേമിലും | എസ് ആർ ജി ക്ലാസ് ടീച്ചർ | 3000 |

## പ്രവർത്തനം 46

**പ്രവർത്തനത്തിന്റെ പേര് : ചുറ്റുമതിൽ**
**മേഖല : ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ. ക്യാമ്പസിന്റെ സുരക്ഷ ഉറപ്പാക്കൽ | ചുറ്റുമതിൽ ഇല്ലാത്ത ഇടങ്ങളിൽ നിർമ്മിക്കുക. മുൻവശത്തെ ചുറ്റുമതിൽ ആകർഷകമാക്കുക. | ഒരു വർഷം | പിടിഎ , എൽ എസ് ജി ഡി | 1000000 |

## പ്രവർത്തനം 47

**പ്രവർത്തനത്തിന്റെ പേര് : മൈതാന നിർമ്മാണം**
**മേഖല : ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക വിദ്യാഭ്യാസത്തിനും പരിശീലനത്തിനും മികച്ച സൗകര്യം ഒരുക്കൽ. | മുഴുവൻ കുട്ടികൾക്കും വിവിധതരം കളികളിലും മത്സരങ്ങളിലും ഏർപ്പെടാൻ കഴിയുന്ന വിധത്തിൽ വിവിധ /സൗകര്യങ്ങൾ ഒരുക്കിയുള്ള വിശാലമായ മൈതാനം നിർമ്മിക്കൽ. | ആറുമാസം | എസ്.എസ്.ജി, പിടിഎ | ഗ്രാമ പഞ്ചായത്ത് 100000 |

## പ്രവർത്തനം 48

**പ്രവർത്തനത്തിന്റെ പേര് : മാലിന്യ സംസ്കരണം**
**മേഖല : ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ. | ഒരു വർഷം | എസ് എസ് ജി,പി ടി എ | 100000/- ഗ്രാമപഞ്ചായത്ത് |

## <u>പ്രവർത്തനം 49</u>

**പ്രവർത്തനത്തിന്റെ പേര് : സൗരോർജ്ജ പാനൽ**

**മേഖല : ഭൗതികം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗ പ്പെടുത്തൽ | പുതിയ സ്കൂൾ കെട്ടിടത്തിനു മുകളിൽ സൗരോർജ്ജപാനൽ സ്ഥാപിച്ച് വിവിധ ആവശ്യങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കൽ | മൂന്നുവർഷം | പി.ടി .എ . | 10 ലക്ഷം സിഎസ്ആർ ഫണ്ട് |

## <u>പ്രവർത്തനം 50</u>

**പ്രവർത്തനത്തിന്റെ പേര് : ശുദ്ധജല വിതരണം**

**മേഖല : ഭൗതികം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ശുദ്ധജലം എല്ലായിടത്തും ലഭ്യമാക്കൽ | ശുദ്ധജല വിതരണം എല്ലാ ക്ലാസുകളിലും എത്താൻ വേണ്ട സൗകര്യമൊരുക്കൽ' ടാങ്കിൽ നിന്നും ടോയ്ലറ്റ് ,വാഷ്ബേസിൻ എന്നിവയിലേക്കുള്ള പുതിയ പൈപ്പ് സ്ഥാപിക്കൽ | ഒരു വർഷം | പിടിഎ | 2 ലക്ഷം പഞ്ചായത്ത് |

## <u>പ്രവർത്തനം 51</u>

**പ്രവർത്തനത്തിന്റെ പേര് : ഇലക്ട്രിക് ബെൽ**

**മേഖല : ഭൗതികം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| സമയാ സമയങ്ങളിൽ ബെല്ലടി ക്കുന്നത് എല്ലാ കുട്ടികൾക്കും കൃത്യമായി കേൾക്കൽ | സമയാസമയങ്ങളിൽ ബെല്ലടിക്കുന്നത് എല്ലാ കുട്ടികൾക്കും കൃത്യമായി കേൾക്കാൻ പാകത്തിൽ ഓഫീസിൽ ഇലക്ട്രിക് ബെല്ലും അതിനാവശ്യമായ സ്പക്കറും സ്ഥാപിക്കൽ. റോഡിൻറെ ഇരുവശവും ഉള്ള വിവിധ ക്ലാസ് റൂമുകളിൽ ഓരോ പിരീഡ് കഴിയുമ്പോഴും ശബ്ദം കൃത്യമായി കേൾപ്പിക്കൽ. | ഒരു വർഷം | : STAFF | 20000 PANCHAYATH, SPONSORING |

**പ്രവർത്തനം 52**

**പ്രവർത്തനത്തിന്റെ പേര് : പ്ലാന്റേഷൻ പ്രോഗ്രാം**

**മേഖല : ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ പരിസരം ഹരിതാഭമാക്കൽ | ഗ്രൗണ്ടിന്റെ ചുറ്റുവശങ്ങളിലും പരമാവധി തണൽ മരങ്ങൾ വെച്ചുപിടിപ്പിക്കൽ | ഒരു വർഷം | പിടിഎ : | ഒരു ലക്ഷം (സ്പോൺസർ ഷിപ്പ് ) |

**പ്രവർത്തനം 53**

**പ്രവർത്തനത്തിന്റെ പേര് : ബയോഗ്യാസ് പ്ലാൻറ്**

**മേഖല : ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മാലിന്യത്തെ ഊർജ്ജമാക്കി മാറ്റൽ | വിദ്യാലയത്തിൽ ഉണ്ടാകുന്ന ജൈവമാലിന്യം ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ച് പാചക ആവശ്യത്തിനുള്ള ഊർജ്ജം കണ്ടെത്തൽ | ആറുമാസം | പിടിഎ, ഉച്ചഭക്ഷണ ക്കമ്മിറ്റി | രണ്ട് ലക്ഷം |

**പ്രവർത്തനം 54**

**പ്രവർത്തനത്തിന്റെ പേര് : അംഗനവാടി കലോത്സവം**

**മേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കൽ, വിദ്യാലയത്തെ അറിയാൻ അവസരം | വിദ്യാലയത്തിന്റെ പരിസരത്തുള്ള അംഗനവാടിയിലെ കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് കലോത്സവം സംഘടിപ്പിക്കൽ വിരുന്നു നൽകൽ കാലം : | വർഷത്തി ലൊരു പ്രാവശ്യം | :പിടിഎ): | 10000( സ്പോൺസർ ഷിപ്പ് ) |

**പ്രവർത്തനം 55**

**പ്രവർത്തനത്തിന്റെ പേര് : കുട്ടിയെ അറിയൽ**

**മേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടിയെ അറിയാൻ. | ഗൃഹസന്ദർശനം. | ഒന്നാം ടേം | ക്ലാസ് ടീച്ചർ | 2000 |

## പ്രവർത്തനം 56

**പ്രവർത്തനത്തിന്റെ പേര് : പുകയില വിരുദ്ധ ക്യാമ്പയിൻ**

**മേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പുകയില രഹിത സമൂഹത്തിൻറെ സൃഷ്ടിക്കായി | വിദ്യാർത്ഥികൾക്കായി ബോധവൽക്കരണ ക്ലാസുകൾ സമീപപ്രദേശങ്ങളിലെ കടകളിലുംവീടുകളിലും പ്രചരണം,ലഘുലേഖ , റാലി,ബോർഡുകൾ സ്ഥാപിക്കൽ | വർഷം മുഴുവൻ | എസ് ആർ ജി, പി ടി എ | 10000 |

## പ്രവർത്തനം 57

**പ്രവർത്തനത്തിന്റെ പേര് : ലഹരി വിരുദ്ധ സൈക്കിൾ റാലി**

**മേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ലഹരി വിരുദ്ധ പ്രചാരണങ്ങൾ ശക്തിപ്പെടുത്തൽ | സ്കൂളിൽ നിന്നും പൊതുസമൂഹത്തിന്റെ പങ്കാളിത്തത്തോടെ വിവിധ പ്രദേശങ്ങളിലേക്ക് സൈക്കിൾ റാലി സംഘടിപ്പിക്കൽ പ്ലക്കാടുകൾ തയ്യാറാക്കൽ | ജൂൺ | എസ് ആർ ജി പിടിഎ) | 10000 |

## പ്രവർത്തനം 58

**പ്രവർത്തനത്തിന്റെ പേര് : മക്കളോടൊപ്പം**

**മേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രക്ഷിതാക്കളെയും സ്കൂളിൻറെ ഭാഗം ആക്കൽ | വിവിധ മത്സരങ്ങൾ രക്ഷിതാക്കൾക്കായി സംഘടിപ്പിക്കൽ മൈലാഞ്ചി മത്സരം പൂക്കള മത്സരം പാചക മത്സരം തുടങ്ങിയവ | വർഷം മുഴുവൻ | SRG, PTA | 10000 |

**പ്രതീക്ഷിത നേട്ടങ്ങൾ**:

- ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം.
- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
- സമൂഹവും വിദ്യാലയവുമായുള്ള ബന്ധം മെച്ചപ്പെടുന്നു.

## മോണിറ്ററിംഗ്

HM, AEO, DEO, DDE,, SSK

**നിർദ്ദേശങ്ങൾ/സഹായങ്ങൾ**

SRG, STAFF COUNCIL, PTA ,MTA, SMC, SSG ,DSA ,OTA

## ഉപസംഹാരം:

വർദ്ധിച്ചു വരുന്ന സ്വകാര്യവൽക്കരണവും സാമ്പത്തിക നയങ്ങളും പൊതുവിദ്യാഭ്യാസ രംഗത്തിന് ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരം പ്രവണതകൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മ പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിനാൽ മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാ പ്രക്രിയയായ വിദ്യാഭ്യാസ രംഗത്തെ മൂല്യങ്ങൾ സംരക്ഷിക്കാൻ ആഗ്രഹിക്കുന് ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളിയാവുക എന്നത് . നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസന രേഖ ഉപകരിക്കും എന്നു പ്രതീക്ഷിക്കുന്നു.